# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ : 2118

19.06.2012-ൽ മറുപടിക്ക്.

### സീപ്ലെയിൻ സർവ്വീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. വി.റ്റി.ബൽറാം. | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സീപ്ലെയിൻ സർവ്വീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; ഇതുകൊണ്ടുള്ള നേട്ടങ്ങൾഎന്തൊക്കെയാണ്; | (എ) ഉണ്ട്. കേരളത്തിലെ ടൂറിസം മേഖലയുടെ വികസനവും തദ്വാരാ സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിയുമാണ് സീ പ്ലെയിൻ പദ്ധതി കൊണ്ട് പ്രധാനമായും ലക്ഷ്യമിടുന്നത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കുമരകം, തേക്കടി, മൂന്നാർ, വയനാട്, ബേക്കൽ, കൊച്ചി, കോഴിക്കോട് എന്നീ പത്ത് പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളെ സീപ്ലെയിൻ മൂലം ബന്ധിപ്പിച്ചുകൊണ്ട് വിപുലമായ ഒരു പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. |
| (ബി) ഏത് ഏജൻസി വഴിയാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) സർക്കാരിന്റെ വിവിധ തലങ്ങളിൽ ഇത് സംബന്ധിച്ച ചർച്ചകൾ നടന്നുവരികയാണ്. പദ്ധതി പ്രാവർത്തികമാക്കുന്നതിന് ടൂറിസം വകുപ്പും കെ.എസ്.ഐ.ഡി.സിയും സഹകരിച്ച് പ്രവർത്തിച്ചു വരുന്നു.. പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിക്കുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| (സി) ഇതിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ ആസൂത്രണ ബോർഡ് തുക അനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (സി) കേരള സർക്കാർ 2012-13 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കുവേണ്ടി കെ.എസ്.ഐ.ഡി.സിക്ക് 12 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ